**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** **10-10-2024 - ൽ മറുപടിയ്ക്ക്**

**നാട്ടിക മണ്ഡലത്തിലെ കൊടുങ്ങല്ലൂർ -ഷൊർണ്ണൂർ പാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാതയുടെ വികസനം നടന്നുകൊണ്ടിരിക്കുന്ന നാട്ടിക നിയോജകമണ്ഡലം ഉൾപ്പെടുന്ന പാലക്കൽ മുതൽ കരുവന്നൂർ വരെയുള്ള പ്രദേശങ്ങളിൽ കെ.എസ്.ടി.പി. നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകും; ഇതിനോടകം എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കൊടുങ്ങല്ലൂർ ഷൊർണ്ണൂർ പാതയിലെ പാലക്കൽ മുതൽ കരുവന്നൂർ വരെ 9.10 കി.മീ. നീളത്തിൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികളാണ് നാട്ടിക നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിരുന്നത്. ഇതിനോടകം 7.53 കി.മീ. (82.7%) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാതയിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ 6 മാസത്തിനുള്ളിൽ നിർമ്മിക്കുമെന്ന് 2023-ൽ കെ.എസ്.ടി.പി. ഉദ്യോഗസ്ഥർ ജനപ്രതിനിധികൾക്ക് വാഗ്ദാനം നൽകി നാളിതുവരെ കഴിഞ്ഞിട്ടും അവ പൂർത്തിയാകാത്തത് എന്തുകൊണ്ട്; | (ബി) | റോഡ് പ്രവൃത്തിയുടെ പൂർത്തീകരണ ഘട്ടത്തിൽ മാത്രമേ ബസ് ഷെൽട്ടറുടെ നിർമ്മാണം നടത്താൻ സാധിക്കുകയുള്ളൂ. |
| (സി) | 2022-23 സാമ്പത്തികവർഷത്തിൽ നാട്ടിക എംഎൽഎയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും പ്രസ്തുത പാതയിൽ പെരുമ്പിളിശ്ശേരി, പൂച്ചിന്നിപ്പാടം സെന്ററിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കാൻ തുക അനുവദിച്ചിട്ടും കെ.എസ്.ടി.പി. പ്രൊജക്റ്റ് ഡയറക്ടർ അനുമതി നൽകാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (സി) | കെ.എസ്.റ്റി.പി പ്രോജക്ടിൽ പെരുമ്പിള്ളിശ്ശേരി, പൂച്ചന്നിപ്പാടം എന്നീ സ്ഥലങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഡി) | കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാത കടന്നു പോകുന്ന പ്രധാന സെന്ററായ പെരുമ്പിളിശ്ശേരിയിൽ ഇരു സൈഡിലും 2024 ഡിസംബറിനുള്ളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കാൻ സാധിക്കുമോ; ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം കെ.എസ്.ടി.പി. പൂർത്തീകരിച്ചില്ലെങ്കിൽ എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും നിർമ്മാണം നടത്തുന്നതിന് കെ.എസ്.ടി.പി-ക്ക് നിരാക്ഷേപപത്രം നൽകാൻ സാധിക്കുമോ? | (ഡി) | കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ബസ് ഷെൽട്ടറുകൾ ഈ പ്രവൃത്തിയുടെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ